**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 592** — **28-06-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി നാളീകേര പാർക്ക് പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി നാളീകേര പാർക്കിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന വിശദവിവരങ്ങൾ അറിയിക്കാമോ; | (എ) | **പാർക്കിന്റെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തുന്നതിനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 15/02/2022-ന ചേർന്നിരുന്നു. പ്രദേശത്തിന്റെ വ്യാവസായിക ആവശ്യകത കണക്കിലെടുത്ത് ഏതൊക്കെ വ്യവസായങ്ങൾക്കു അനുയോജ്യമായ രീതിയിൽ ഭൂമി വികസിപ്പിക്കാമെന്നുള്ള പഠനം നടത്താനും അതിന്റെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾ ആരംഭിക്കാനും യോഗത്തിൽ തീരുമാനിച്ചിരുന്നു.**<br><br>**കെ.എസ്.ഐ.ഡി.സി. ഭൂമി വികസിപ്പിക്കുന്നതിനെപ്പറ്റിയുള്ള പഠനം നടത്തുന്നതിനായി കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. കിറ്റ്കോ ഭൂമി വിനിയോഗത്തെപ്പറ്റിയുള്ള പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പാഴ്മരങ്ങൾ വെട്ടിത്തെളിച്ച് സർവ്വേ നടത്തി പാർക്കിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്.** |
| (ബി) | പ്രസ്തുത പാർക്കിൽ മഴക്കാലത്ത് കാട്ടുമൂടി കിടക്കുന്നതിനാൽ കാട്ടുമൃഗങ്ങളുടെ ആവാസ കേന്ദ്രമാകുകയും പരിസരവാസികൾക്ക് ഭീഷണിയാകുകയും ചെയ്യുന്ന സാഹചര്യത്തിൽ കാടു വെട്ടിതെളിക്കുന്ന പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പാർക്ക് വൃത്തിയാക്കുന്നതിനുള്ള നടപടികൾ നിലവിൽ നടന്നുവരികയാണ്. |
| (സി) | ഏത് ഏജൻസിയെയാണ് നാളീകേര പാർക്കിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ; | (സി) | പാർക്കിന്റെ ഭൂമി വികസിപ്പിക്കുന്നതിനെപ്പറ്റിയുള്ള പഠനം നടത്തുന്നതിനും മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. കിറ്റ്കോ ഭൂമി |

| | | | |
|---|---|---|---|
| | | | വിനിയോഗത്തെപ്പറ്റിയുള്ള പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പാഴ്മരങ്ങൾ വെട്ടിത്തെളിച്ച് സർവ്വേ നടത്തി പാർക്കിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുകയും, കരാർ കാലാവധിയും എത്രയാണെന്നും പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | പ്രസ്‌തുത പ്രവൃത്തി മൂന്നര മാസംകൊണ്ട് Rs.17.05 lakhs plus GST ചിലവിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ടോപ്പോഗ്രാഫിക്കൽ സർവേ, സോയിൽ ഇൻവെസ്റ്റിഗേഷൻ, പാഴ്മരങ്ങൾ വെട്ടിത്തെളിക്കൽ എന്നിവയ്ക്കായുള്ള ചെലവുകൾ അധികമായിരിക്കും. പ്രവൃത്തി ആഗസ്റ്റ് മാസത്തിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ